**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 585** **28-06-2022 - ൽ മറുപടിയ്ക്ക്**

**ചെറുകിട, ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചെറുകിട, ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br><br>**സംരംഭങ്ങളുടെ പ്രദർശന മേളകൾ :** സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനായി ജില്ലാ തലത്തിൽ MSME എക്സിബിഷനുകൾ നടത്തിവരുന്നുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം താലൂക്ക് തലത്തിലുള്ള എക്സിബിഷൻ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ദേശീയ അന്തർദേശീയ മേളകളിൽ കേരളത്തിലെ മികച്ച ഉല്പന്നങ്ങൾ പ്രദർശിപ്പിച്ച് അവയ്ക്ക് വിപണന സാധ്യത ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.<br><br>**കേരളാ ആഗ്രോ ഫുഡ് പ്രോ** : കേരളത്തിലെ ഭക്ഷ്യ സംസ്ക്കരണ മേഖലയിൽപ്പെട്ട സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനായി കേരളാ ആഗ്രോ ഫുഡ് പ്രോ എല്ലാ വർഷവും സംസ്ഥാന തലത്തിൽ നടത്തി വരുന്നു.<br><br>**കേരളാ ഇ-മാർക്കറ്റ് പോർട്ടൽ:** കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനുവേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ - പോർട്ടൽ രൂപികരിച്ചു. ഈ വെബ്പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും. |

**വ്യാപാർ (ബിസിനസ് ടു ബിസിനസ് മീറ്റ്)** സംസ്ഥാനത്തിന്റെ വികസന സാധ്യതകൾക്കും, പ്രായോഗികതയ്ക്കും അനുസൃതമായി വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ എം.എസ്.എം.ഇ കൾക്കുവേണ്ടി 'വ്യാപാർ' (ബിസിനസ് ടു ബിസിനസ് മീറ്റ്) സംഘടിപ്പിച്ചു വരുന്നു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, മരവ്യവസായങ്ങൾ ആയുർവ്വേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുളപോലുള്ള പരമ്പരാഗത മേഖലയിലെ ഉല്പ്പന്നങ്ങൾ മുതലായ മേഖലകളിൽ നിന്നുള്ള ചെറുകിട ഉത്പാദകർ അവരുടെ ഉല്പ്പന്നങ്ങളും സാങ്കേതികവിദ്യയും പ്രദർശിപ്പിക്കുന്നു. പ്രസ്തുത ബിസിനസ് ടു ബിസിനസ് മീറ്റിൽ തെരഞ്ഞെടുക്കപ്പെട്ട ഏഴ് മേഖലകളിലായി സംസ്ഥാനത്ത് ചെറുകിട വ്യവസായികൾ ഉല്പാദിപ്പിക്കുന്ന ഉല്പ്പന്നങ്ങളുടെ വ്യാപാര ചർച്ചകളാണ് പ്രധാനമായും നടക്കുന്നത്. കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് നടത്തുന്നതിന്റെ പ്രധാന ഉദ്ദേശം സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്കു നേരിട്ട് രാജ്യത്തിനകത്ത് നിന്നും പുറത്തുനിന്നുമുള്ള ബയർമാരുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ഒരുക്കുകയാണ്.

**കേരള ബാംബൂ ഫെസ്റ്റ് -**
മുള മേഖലയിലെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തി വരുന്ന പ്രധാനപ്പെട്ട മേളയാണ് കേരള ബാംബൂ ഫെസ്റ്റ്". ബാംബൂ മിഷൻ 2004 മുതൽ
കൊച്ചിയിൽ 'കേരള ബാംബൂ ഫെസ്റ്റ്" സംഘടിപ്പിച്ചു വരുന്നു. ഇതിലൂടെ പ്രസ്തുത മേഖലയിലെ ഉണഭോക്താക്കൾക്ക് വിപണി കണ്ടെത്തുവാനും
ഉൽപ്പന്ന വികസനത്തെക്കുറിച്ചുള്ള അറിവ് നേടാനും വിവരങ്ങൾ പരസ്പരം പങ്കിടാനും ഒരു വേദി ഒരുക്കുന്നു.

**മലബാർ ക്രാഫ്റ്റ്സ് മേള :**

കേരളത്തിലെ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും, നിലനിൽപ്പിനും വേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചു വരുന്നു. കേരളത്തിലെ കരകൗശല മേഖലയെ ശക്തിപ്പെടുത്തുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ഈ മേഖലയിലുള്ള വിദഗ്ധരുമായി സമ്പർക്കം പുലർത്തുക, കരകൗശലക്കാർക്ക് ഉപഭോക്താക്കളുമായി നേരിട്ട് ഇടപഴകുവാനുള്ള അവസരം ഒരുക്കികൊടുക്കുക, കേരളത്തിലെ പരമ്പരാഗതമായ കരകൗശല / കൈത്തറി ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുക, വിദേശികൾക്കും

| | | | |
|---|---|---|---|
| | | | സ്വദേശികൾക്കും പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങൾ കേരളത്തിന്റെ തനിമയോടെ പ്രദർശിപ്പിക്കുവാനുള്ള ഒരു വേദി ഒരുക്കുക, സന്ദർശകർക്കും ഉപഭോക്താക്കൾക്കും സ്ഥാപനങ്ങൾക്കും കേരളത്തിലെ കരകൗശലക്കാരുടെ സാങ്കേതിക മികവും കഴിവും പ്രദർശിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ മേള സംഘടിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ